## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3340** **08/11/2019- ൽ മറുപടിയ്ക്ക്**

### മാരക രാസവസ്തുക്കൾ അടങ്ങിയ കളനാശിനികളുടെ ഉപയോഗം

| ചോദ്യം<br>ശ്രീ.കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | വീട്ടുമുറ്റത്തെയും പാടങ്ങളിലെയും റോഡരികിലെയും പുല്ലുകളും കളകളും നശിപ്പിക്കാൻ മാരക രാസവസ്തുക്കൾ അടങ്ങിയ കളനാശിനികൾ ഉപയോഗിക്കുന്ന പ്രവണത കൂടി വരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഉപയോഗം ജനങ്ങളുടെയും മറ്റു ജീവജാലങ്ങളുടെയും ആരോഗ്യത്തെ ഏതു തരത്തിൽ ബാധിക്കുമെന്നത് പഠനവിധേയ മാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. വീട്ടുമുറ്റത്തേയും, പാടങ്ങളിലെയും, റോഡരികിലെയും പുല്ലുകളും കളകളും നശിപ്പിക്കാൻ കളനാശിനികളുടെ പ്രത്യേകിച്ച് ഗ്ലൈഫോസേറ്റിന്റെ ഉപയോഗം 2015-16 -ലേതിൽ നിന്നും 2017-18 -ൽ വർദ്ധിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയും ആയത് കണക്കിലെടുത്ത് ഗ്ലൈഫോസേറ്റും ഗ്ലൈഫോസേറ്റടങ്ങിയ കളനാശിനികളുടേയും ഉപയോഗം 2/2/2019-ൽ സർക്കാർ നിരോധിക്കുകയുണ്ടായി. ഈ വിഷയത്തിൽ സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി 2018-19 -ൽ ഗ്ലൈഫോസേറ്റുൾപ്പെടെയുള്ള കളനാശിനികളുടെ ഉപയോഗം വളരെയധികം കുറയ്ക്കാൻ കഴിഞ്ഞു.<br>കളനാശിനികളുടെ ഉപയോഗം ജനങ്ങളുടെയും മറ്റു ജീവജാലങ്ങളുടെയും ആരോഗ്യത്തെ ഏതു തരത്തിൽ ബാധിക്കുമെന്ന് കാർഷിക സർവ്വകലാശാല വിശദമായ പഠനം നടത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് കൂടി പരിഗണിച്ചു കൊണ്ടാണ് ഗ്ലൈഫോസേറ്റും ഗ്ലൈഫോസേറ്റടങ്ങിയ ഉത്പ്പന്നങ്ങളും സർക്കാർ നിരോധിച്ചത്. |
| (ബി) | ഇപ്രകാരം വീര്യം കൂടിയ മാരകവിഷാംശങ്ങൾ അടങ്ങിയ കളനാശിനി കളുടെ ഉപയോഗം കുറയ്ക്കുവാൻ വേണ്ട ബോധവത്കരണ പരിപാടികൾ വകുപ്പ് നടത്തുമോ; പകരം താരത മ്യേന സുരക്ഷിതമായ മറ്റു മാർഗ്ഗങ്ങൾ | (ബി) മാരകമായ വിഷാംശങ്ങൾ അടങ്ങിയ കളനാശിനികളുടെയും മറ്റ് കീടനാശിനികളുടെയും ഉപയോഗം കുറയ്ക്കാൻ നിരവധി ബോധവൽകരണ പരിപാടികൾ കൃഷി വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. 2019 ജനുവരി 21 മുതൽ ജനുവരി 31 വരെ "കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ; സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തൂ" എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 631 ബോധവൽകരണ ക്യാമ്പുകൾ കീടനാശിനി ഡിപ്പോ കേന്ദ്രീകരിച്ചും പഞ്ചായത്ത്, ബ്ലോക്ക്, |

| | |
|---|---|
| നിർദ്ദേശിക്കുമോ; വിശദമാക്കുമോ? | ജില്ലാതലങ്ങളിലും നടത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ ''ക്വാളിറ്റി കൺട്രോൾ എൻഫോഴ് സ് മെന്റ്'' പദ്ധതി പ്രകാരം നടപ്പ വർഷം ലക്ഷ്യമിട്ട 593 ബോധവൽകരണ ക്ലാസ്സുകളും, സ്പെഷ്യൽ ക്യാമ്പയിൻ വാരവും നടന്നുവരുന്നു. |

കൃഷി വകുപ്പിന്റെ കാർഷിക കർമ്മ സേന അഗ്രോ സർവ്വീസ് സെന്റർ എന്നിവയുടെ നേതൃത്വത്തിൽ ബ്രഷ് കട്ടർ ഉപയോഗിച്ച് യാന്ത്രിക കളനശീകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കള നിയന്ത്രണത്തിന് അവലംബിക്കാവുന്ന സുരക്ഷിതമായ മറ്റു മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

1. ജലപരിപാലനം (Water management)
2. മണ്ണു പരിപാലനം (Land management)
3. വേനൽക്കാല മണ്ണ് ഉഴുതുമറിക്കൽ (Summer ploughing)
4. ഇടവിള കൃഷി പ്രോത്സാഹനം (Inter cropping)
5. പുതയിടീൽ (Mulching)
6. ബയോഗ്യാസ് സ്ലറി ഉപയോഗിച്ചുള്ള ജൈവ കൃഷി വ്യാപനം
7. വിള പരിക്രമണം (Crop rotation)
8. ശാസ്ത്രീയ വള പ്രയോഗം (Scientific fert application)

Sreelatha

**സെക്ഷൻ ഓഫീസർ**